# പതിമൂന്നാം കേരള നിയമസഭ
## പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.1328 01.07.2015 ലെ മറുപടിയ്ക്ക്

## ബാലുശ്ശേരി മിനി സിവിൽസ്റ്റേഷൻ നിർമ്മാണം

| **ചോദ്യം**<br>ശ്രീ.പുരുഷൻ കടലുണ്ടി | **ഉത്തരം**<br>ശ്രീ.വി.കെ.ഇബ്രാഹിം കുഞ്ഞ്<br>(പൊതുമരാമത്ത് വകുപ്പ് മന്ത്രി) |
|---|---|
| (എ) ബാലുശ്ശേരിയിൽ മിനി സിവിൽസ്റ്റേഷൻ നിർമ്മിക്കുമെന്ന പ്രഖ്യാപനത്തെ തുടർന്ന് നടത്തിയ പ്രവർത്തനങ്ങൾ എന്തെല്ലാമാണെന്ന് അറിയിക്കുമോ; | (എ) ബാലുശ്ശേരിയിൽ മിനി സിവിൽ സ്റ്റേഷൻ നിർമ്മാണത്തിന് വേണ്ടി ആർക്കിടെക്ച്ചറൽ ഡിസൈൻ തയ്യാറാക്കുന്നതിലേക്കായി പൊതുമരാമത്ത് വകുപ്പ് വാസ്തുശില്പ വിഭാഗത്തിലെ ആർക്കിടെക്റ്റ് നിർദ്ദിഷ്ട സ്ഥലം സന്ദർശിച്ച് ടോട്ടൽ സ്റ്റേഷൻ സർവ്വേ പ്ലാൻ പൊതുമരാമത്ത് വകുപ്പ് ചീഫ് ആർക്കിടെക്റ്റിന് 21.02.2015 ൽ സമർപ്പിച്ചിട്ടുണ്ട്. മിനി സിവിൽ സ്റ്റേഷനിൽ ഉൾപ്പെടുത്തേണ്ട ഓഫീസുകളുടെയും ജീവനക്കാരുടെയും വിശദാംശങ്ങൾ ലഭിക്കുന്ന മുറയ്ക്ക് ബാക്കി പ്രവൃത്തികൾ നടത്തുന്നതാണ്. |
| (ബി) ഇതിനുവേണ്ടി ബാലുശ്ശേരിയിലെ പറമ്പിൻമുകളിൽ കണ്ടെത്തിയ സ്ഥലം സന്ദർശിച്ച സീനിയർ ആർക്കിടെക്റ്റിന് ആവശ്യമായ വിവരങ്ങൾ ലഭ്യമാക്കിയിട്ടുണ്ടോ; | (ബി) ലഭ്യമാക്കിയിട്ടുണ്ട്. |
| (സി) പ്രസ്തുത സ്ഥലത്തിന്റെ 'ടോട്ടൽ സ്റ്റേഷൻ സർവ്വേ' വിവരങ്ങൾ കെട്ടിടത്തിന്റെ രൂപകൽപ്പനക്കായി ലഭിച്ചിട്ടുണ്ടോ; | (സി) ലഭിച്ചിട്ടുണ്ട്. |
| (ഡി) കെട്ടിടത്തിന്റെ കൺസെപ്ച്ചൽ ഡിസൈൻ സംബന്ധിച്ച വിവരങ്ങൾ ലഭ്യമാക്കാമോ ? | (ഡി) ബാലുശ്ശേരി മിനി സിവിൽ സ്റ്റേഷനിൽ ഉൾപ്പെടുത്തേണ്ട ഓഫീസുകളുടെയും ജീവനക്കാരുടെയും വിശദാംശങ്ങൾ ലഭിക്കുന്ന മുറയ്ക്ക് എത്രയും വേഗം രൂപകല്പന തയ്യാറാക്കാനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ